പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2724

13/03/2020-ൽ
മറുപടിയ്ക്ക്

## ചടയമംഗലം മണ്ഡലത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

**ചോദ്യം**
**ശ്രീ മുല്ലക്കര രത്നാകരൻ**

**മറുപടി**
**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ചടയമംഗലം മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നതെന്ന് വിശദീകരിക്കുമോ?

(എ), (ബി) & (സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുവദിക്കപ്പെട്ട സ്കൂളുകളുടെ വിവരങ്ങൾ താഴെ പറയുന്നു

| പദ്ധതി | സ്കൂൾ | ഏജൻസി (SPV) | നിലവിലെ സ്ഥിതി |
|---|---|---|---|
| 5 കോടി രൂപ | GVHSS കടയ്ക്കൽ | കൈറ്റ് | 81 % പൂർത്തിയായി. |
| 3 കോടി രൂപ | ചിതറ GHSS (2017-18) | കൈറ്റ് | 37 % പൂർത്തിയായി |
| 3 കോടി രൂപ | 2018-19 ബഡ്ജറ്റ് പ്രസംഗം | | |
| | GHSS തേവന്നൂർ | ഇൻകൽ (INKEL) | DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| | GHSS കരുകോൺ | | |
| | GHSS കുമ്മിൾ | | |
| | GUPS, കടയ്ക്കൽ | | |

| | | | |
|---|---|---|---|
| 1 കോടി രൂപ | GHSS വയല<br>GLPS ചിതറ<br>GUPS വെള്ളൂപ്പാറ<br>GMGHSS ചടയമംഗലം<br>GUPS നിലമേൽ | കില (KILA) | DPR തയ്യാറാക്കി കിഫ്ബിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

ചടയമംഗലം മണ്ഡലത്തിലെ സ്കൂളുകൾ സാങ്കേതിക വിദ്യാസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്നതും ഹൈസ്കൂളിനോട് ചേർന്നുള്ളതുമായ സർക്കാർ, എയ്ഡഡ്, പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലും കിഫ്ബി ധന സഹായത്തോടെ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണങ്ങൾ 'കൈറ്റ്' മുഖാന്തിരം വിതരണം ചെയ്തു. കൂടാതെ കുട്ടികളുടെ എണ്ണം കുറവുള്ള സ്കൂളുകളിലെ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പു വരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും 2020 മാർച്ച് അവസാനത്തോടെ ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Namitha P

**സെക്ഷൻ ഓഫീസർ**